# വിവരാവകാശനിയമം 2005 പ്രകാരം വിവരങ്ങൾ ലഭിക്കാനുള്ള അപേക്ഷ

05328

10 रु. कोर्ट फी Rs.10 COURT FEE भारत INDIA सत्यमेव जयते दस रुपये TEN RUPEES

10 APR 2018

പ്രേക്ഷിത:

ചിന്നു. എസ്
കണ്ണൻ നിവാസ്
കുളക്കോട്
തിരുവനന്തപുരം - 695103

സ്വീകർത്താവ് :

സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ
തിരുവനന്തപുരം.

സർ,

| | |
|---|---|
| വിഷയം : | വിവരാവകാശനിയമം 2005 പ്രകാരം ചോദ്യങ്ങൾക്കുള്ള മറുപടി ലഭ്യമാകുന്നത് - സംബന്ധിച്ച്. |
| സൂചന : | 1) 22.2.2018 -ൽ സമർപ്പിച്ച അപേക്ഷ. |
| | 2) തിരുവനന്തപുരം ആശാഭവൻ (സ്ത്രീകൾ) സൂപ്രണ്ടിന്റെ 29.3.2018 ലെ എ.ബി.റ്റി. നം. 32/18 -ാം നമ്പർ മറുപടി. |

ഞാൻ സൂചന(1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ സൂചന(2) പ്രകാരം ലഭിച്ച മറുപടി അവ്യക്തവും തൃപ്തികരവുമല്ലാത്തതുമാണ്. ആയതിനാൽ 5 മുതൽ 9 വരെയുള്ള ചോദ്യങ്ങൾ വീണ്ടും ആവർത്തിക്കുന്നു. (മുൻ അപേക്ഷയും ഇതോടൊപ്പം സമർപ്പിക്കുന്നു)

5. ടി സ്ഥാപനത്തിൽ എത്ര മേട്രൻ തസ്തികകൾ ഉണ്ട്? ഉണ്ടെങ്കിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്? ടി തസ്തികയുടെ നിയമനം ഏതു രീതിയിലാണ് നടത്തിവരുന്നത്? വിശദമാക്കാമോ? (ഉത്തരവിന്റെ പകർപ്പു സഹിതം)
6. നിലവിൽ ടി തസ്തികയിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്? വിശദമാക്കാമോ?
7. ഇല്ലെങ്കിൽ ടി തസ്തികയ്ക്ക് പകരമായി മറ്റേതെങ്കിലും തസ്തിക നിലവിലുണ്ടോ? ഉണ്ടെങ്കിൽ ടി തസ്തികയുടെ നിയമനം ഏതു രീതിയിലാണ് നടത്തിവരുന്നത്?
8. നാളിതുവരെ എത്രപേരെ നിയമിച്ചിട്ടുണ്ട്? നിലവിൽ എത്ര ജീവനക്കാർ ടി തസ്തികയിൽ ജോലിനോക്കുന്നു? വിശദമാക്കാമോ?
9. അന്തേവാസികളെ ചികിത്സിക്കുന്നതിന് ഡോക്ടർമാരുടെ സേവനം ലഭിക്കുന്നുണ്ടോ? എത്രപേർ? നഴ്സ് തസ്തിക ഉണ്ടോ? ടി തസ്തികകളുടെ നിയമനരീതി വ്യക്തമാക്കാമോ? (ഉത്തരവിന്റെ പകർപ്പു സഹിതം)

സ്ഥലം : ആറ്റിങ്ങൽ
തീയതി :10.4.2018

അപേക്ഷകന്റെ ഒപ്പ്

## വിവരാവകാശ നിയമം 2005 പ്രകാരം വിവരങ്ങൾ ലഭിക്കാനുള്ള അപേക്ഷ

പ്രേക്ഷിത

ചിന്നു. എസ്
കണ്ണൻ നിവാസ്
കുളക്കോട്
തിരുവനന്തപുരം

സ്വീകർത്താവ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ
തിരുവനന്തപുരം

സർ,

വിഷയം:- വിവരാവകാശനിയമം 2005 പ്രകാരം ചോദ്യങ്ങൾക്കുള്ള മറുപടി
ലഭ്യമാകുന്നത്- സംബന്ധിച്ച്.

വിവരവകാശ നിയമം 2005 പ്രകാരം ചുവടെ ചേർക്കുന്ന ചോദ്യങ്ങൾക്ക് മറുപടി
ലഭ്യമാക്കുവാൻ താൽപര്യപ്പെടുന്നു.

1. തിരുവനന്തപുരം ജില്ലയിൽ സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള പൂജപ്പുരയിൽ
പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനമായ ആശാഭവൻ (സ്ത്രീകൾ) ലെ അന്തേവാസികൾ
എങ്ങനെ ഉള്ളവരാണ് ? ഇവരുടെ പുനരധിവാസം എപ്രകാരമാണ് നടന്നു വരുന്നത്?
2. സ്ഥാപനം എന്നു മുതലാണ് പ്രവർത്തനം ആരംഭിച്ചത്?
3. ടി സ്ഥാപനത്തിൽ നിലവിൽ എത്ര തസ്തികകൾ ഉണ്ട്?
4. അന്തേവാസികളെ പരിചരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ആയ തസ്തികയിൽ
ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ നിയമന രീതി ഏതു രീതിയിലാണ് നടത്തി
വരുന്നത്? വിശദമാക്കാമോ? നാളിതുവരെ എത്ര പേരെ ടി തസ്തികയിൽ നിയമിച്ചി
ട്ടുണ്ട്? നിലവിൽ എത്ര പേർ ടി തസ്തികയിൽ ജോലി നോക്കുന്നു.?
5. ടി സ്ഥാപനത്തിൽ എത്ര മേട്രൻ തസ്തികകൾ ഉണ്ട് ? ഉണ്ടെങ്കിൽ എത്ര പേരെ നിയ
മിച്ചിട്ടുണ്ട്? ടി തസ്തികയുടെ നിയമനം ഏതുരീതിയിലാണ് നടത്തിവരുന്നത് ? വിശദ
മാക്കാമോ ? (ഉത്തരവിന്റെ പകർപ്പു സഹിതം)
6. നിലവിൽ ടി തസ്തികയിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട് ? വിശദമാക്കാമോ?
7. ഇല്ലെങ്കിൽ ടി തസ്തികയ്ക്കു പകരമായി മറ്റേതെങ്കിലും തസ്തിക നിലവിൽ ഉണ്ടോ?
ഉണ്ടെങ്കിൽ ടി തസ്തികയുടെ നിയമനം ഏതു രീതിയിലാണ് നടത്തിവരുന്നത് ?
8. നാളിതുവരെ എത്ര പേരെ നിയമിച്ചിട്ടുണ്ട് ? നിലവിൽ എത്ര ജീവനക്കാർ ടി തസ്തിക
യിൽ ജോലി നോക്കുന്നു ? വിശദമാക്കാമോ?
9. അന്തേവാസികളെ ചികിത്സിക്കുന്നതിനു ഡോക്ടറുടെ സേവനം ലഭിക്കുന്നുണ്ടോ? എത്ര
പേർ ? നഴ്സ് തസ്തിക ഉണ്ടോ? ടി തസ്തികകളുടെ നിയമന രീതി വ്യക്തമാക്കാമോ?
(ഉത്തരവിന്റെ പകർപ്പു സഹിതം)

അപേക്ഷകന്റെ ഒപ്പ്

സ്ഥലം : ആറ്റിങ്ങൽ
തീയതി: 18.4.2018

വിവരാവകാശ നിയമം

എ.ബി.റ്റി 32/18 21.03.2018

സൂപ്രണ്ട്
ആശാഭവൻ (സ്ത്രീകൾ)
പൂജപ്പുര, തിരുവനന്തപുരം

ചിന്നു .എസ്
കണ്ണൻ നിവാസ്
കുളക്കോട്, ആറ്റിങ്ങൽ

വിഷയം :- സാ.നീ.വ - ആശാഭവൻ (സ്ത്രീകൾ) തിരു . വിവരാവകാശ നിയമം - മറുപടി നൽകുന്നത് സംബന്ധിച്ച്

സൂചന :- സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ 08.03.2018 ലെ ഡി 4 - 3007/2018 (1) നമ്പർ കത്ത്

സൂചന പ്രകാരം ലഭ്യമായ വിവരവകാശ നിയമ പ്രകാരമുള്ള ചോദ്യങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

(i) മാനസികരോഗ വിമുക്തരായവരും ബന്ധുക്കളൊരും ഏറ്റെടുക്കാത്തവരുമായ സ്ത്രീകളാണ് ഈ സ്ഥാപനത്തിലെ താമസക്കാർ. ഇവരുടെ പുനരധിവാസം ലക്ഷ്യമാക്കി ലഘുവായ തൊഴിൽ പരിശീലനങ്ങൾ നൽകിവരുന്നുണ്ട്.

(ii) 21.12.1991

(iii)

| | | |
|---|---|---|
| സൂപ്രണ്ട് | - | 1 |
| സ്റ്റാഫ് നേഴ്സ് | - | 1 |
| സോഷ്യൽ എഡ്യൂക്കേഷൻ അസിസ്റ്റന്റ് | - | 1 |
| മേട്രൻ | - | 1 |
| വാച്ച് വുമൺ | - | 2 |
| വാച്ച്മാൻ | - | 1 |
| ആയ | - | 1 |
| കുക്ക് | - | 1 |

(iv) ഉണ്ട് . കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നുമാണ് ആയ തസ്തികയിലേക്ക് ജീവനക്കാരെ നിയമിക്കുന്നത്. ടി

ലിസ്റ്റിന്റെ കാലാവധി തീരുന്ന മുറയ്ക്ക് 6 മാസത്തേക്ക് വീതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജീവനക്കാരെ നിയമിച്ചുവരുന്നു.

നാളിതുവരെ പി.എസ്.സി മുഖേന 8 പേരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 9 പേരെയും നിയമിച്ചിട്ടുണ്ട്.

നിലവിൽ ഒരാൾ പി.എസ്.സി മുഖേനയും ഒരാൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ജോലി നോക്കിവരുന്നു.

(v) സാമൂഹ്യനീതി ഡയറക്ടറുടെ ഉത്തരവ് പ്രകാരം മേട്രേൺ ഗ്രേഡ് 1 ആയി പ്രോമോഷൻ ലഭിച്ച ഒരാളെ 16.12.2015 ൽ നിയമിച്ചു. ടി ജീവനക്കാരിയെ സ്ഥലംമാറ്റം മുഖേന 01.08.2017 ൽ വിടുതൽ ചെയ്തു. നിലവിൽ പി.എസ്.സി മുഖേന നിയമനം നൽകിവരുന്നു.

(vi) ബാധകമല്ല.

(vii) ഇല്ല

(viii) ബാധകമല്ല.

(ix) ഉണ്ട്. മാനസികാരോഗ്യ കേന്ദ്രത്തിലെ ഒരു ഡോക്ടറുടെ സേവനം ലഭിച്ചുവരുന്നു.

ഉണ്ട്. ആരോഗ്യവകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന ജനറൽ ട്രാൻസ്ഫർ മുഖേനയാണ് ഈ സ്ഥാപനത്തിൽ നേഴ്സിനെ നിയമിക്കുന്നത്.

വിശ്വസ്തതയോടെ